DESPATCHED
On.26.2.2020
10/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 139*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **832**/*എസ്.ഐ.സി–ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.നിസാം എച്ച്.,
എ.എ.ഹൗസ്, ചെമ്പൂർ എൽ.പി.എസ്സിനു സമീപം,
മുദാക്കൽ പി.ഒ., തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സീനിയർ സൂപ്രണ്ട്,
   കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
   വൈദ്യുതി ഭവനം, പട്ടം,
   തിരുവനന്തപുരം – 695 004.

2. അപ്പീൽ അധികാരി&
   ഡെപ്യൂട്ടി സെക്രട്ടറി (ഭരണം),
   സെക്രട്ടറിയുടെ കാര്യാലയം,
   വൈദ്യുതി ഭവനം, പട്ടം,
   തിരുവനന്തപുരം – 695 004.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.01.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 18.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.09.2019 കമ്മീഷൻ അസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.നിസാം എച്ച്., 18.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.139(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 10.01.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ അപേക്ഷ സമർപ്പിച്ചതായും തുടർന്ന് 14.01.2019ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 27.04.2019ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 10.01.2019ലെ അപേക്ഷയ്ക്ക് 14.01.2019ന് മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ അപേക്ഷയിലെ 5 ചോദ്യങ്ങളിൽ 1, 4 ,5 എന്നിവ ടി ഓഫീസുമായി ബന്ധപ്പെട്ടവയായിരുന്നില്ലെന്നും ആകയാൽ ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം ടിയാന്റെ അപേക്ഷ കൈമാറിയെന്നും ടി ഓഫീസുമായി ബന്ധപ്പെട്ട 2, 3 എന്നീ ഇനങ്ങൾക്ക് വ്യക്തമായ മറുപടി 01.02.2019ൽ നൽകിയിട്ടുണ്ടെന്നും ടിയാന്റെ അപേക്ഷയിലെ 2–ാമത്തെ ചോദ്യത്തിന് മനുഷ്യാവകാശ കമ്മീഷന്റെ 19.09.2018ലെ ഉത്തരവിനെതിരെ പുനഃപരിശോധനാ ഹർജി സമർപ്പിക്കാനായി ടി ഓഫീസിലെ ഫയൽ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർക്ക് കൈമാറ്റം ചെയ്യുകയും പ്രസ്തുത ഓഫീസിൽ നിന്നും പുനഃപരിശോധനാ ഹർജി കമ്മീഷനിൽ സമർപ്പിക്കുകയും ചെയ്തുവെന്നും പ്രസ്തുത ഫയൽ തിരികെ ലഭിച്ചെങ്കിലും പുനഃപരിശോധനാ ഹർജിയുടെ പകർപ്പ് ടി ഓഫീസിൽ ലഭിച്ചിട്ടില്ലെന്നുമാണ്. 3–ാമത്തെ ചോദ്യത്തിൽ “പേഴ്സൺസ്

വിത്ത് ഡിസെബിലിറ്റീസ് ആക്ട്'' പ്രകാരമുള്ള പരിരക്ഷയാണ് ടിയാൻ ആവശ്യപ്പെടുന്നതെന്നും എന്നാൽ ടി വിഷയത്തിൽ ഉത്തരവിറക്കാൻ പ്രസ്തുത ആക്ട് പ്രകാരം നിയുക്തമാക്കപ്പെട്ട അധികാരി അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷനാണെന്നും ടിയാന്റെ വിഷയത്തിൽ 27.07.2017ൽ വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞതാണെന്നും ടി ഓഫീസ് പ്രസ്തുത ഉത്തരവ് പാലിക്കുകയും ഹർജിക്കാരന് വീടിനടുത്തുള്ള ഓഫീസിലേയ്ക്ക് സ്ഥലമാറ്റം നൽകുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ടിയാൻ ടി ഉത്തരവ് പാലിക്കാത്തതിനാൽ ശമ്പളവും ആനുകൂല്യങ്ങളും നൽകാൻ നിർവ്വാഹമില്ലെന്നുമാണ്. തുടർന്ന് ടിയാൻ 16.01.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 04.02.2019ൽ മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 23.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നും 48 മണിക്കൂറിനുള്ളിൽ നൽകേണ്ട വിവരങ്ങളൊന്നും ടിയാൻ ആവശ്യപ്പെട്ടിരുന്നില്ലെന്നും ടി വിഷയം സംബന്ധിച്ച് അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷൻ പരിഗണിച്ചിരുന്നുവെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും മേൽപ്പടി റിപ്പോർട്ടും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം ലഭ്യമായതായി കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ ടി അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2019 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

Ge/